# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 0487 2371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 18/16, ചൊവ്വാഴ്ച** **തീയ്യതി 26.04.2016**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 35.4 മുതൽ 36.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 26.1 മുതൽ 27.6 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 78 മുതൽ 86 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 49 മുതൽ 62 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.7 മുതൽ 2.8 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 4.1 മുതൽ 10.0 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 4.0 മുതൽ 5.1 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 27.04.2016 | 28.04.2016 | 29.04.2016 | 30.04.2016 | 01.05.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 4 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 45 | 45 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 004 | 004 | 004 | 004 | 004 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 200 | 180 | 160 | 140 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (കതിർ പരുവം) | മുഞ്ഞ | നെല്ലിൽ മുഞ്ഞയുടെ ആക്രമണത്തിന് ശ്രദ്ധ വയ്ക്കേ തു ്. ആക്രമണം കാണുന്നുവെങ്കിൽ ഇമിഡാക്ലോപ്രിഡ് 3 മി.ല്ലി 10 ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക. |
| തെങ്ങ് | ഓലചീയൽ രോഗം | കൂമ്പോലകളുടെ അറ്റം കുമിൾ ബാധിച്ച് അഴുകി ഉണങ്ങി കാറ്റത്തു പറന്നു പോയി ഓലകൾ കുറ്റിയായി നിൽക്കുന്നതാണ് ഓലചീയൽ രോഗം. കാറ്റുവീഴ്ച്ചയുള്ള തെങ്ങുകളിൽ ഈ രോഗവും കാണാം. കഴിയുമെങ്കിൽ ഉണങ്ങി നിൽക്കുന്ന ഭാഗങ്ങൾ വെട്ടിമാറ്റുക. ബോർഡോ മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഈ മാസം മ യിൽ തളിക്കുക. |
| വാഴ | ഇലതീനിപ്പുഴു | ഇവയെ നിയന്ത്രിക്കാനായി 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| പച്ചക്കറികൾ (ചീര) | ഇലപ്പുള്ളിരോഗം | ഇലപ്പുള്ളിരോഗം നിയന്ത്രിക്കുന്നതിനായി വിളവെടുത്തതിനു ശേഷം ഇലയുടെ അടിഭാഗത്തും മുകൾഭാഗത്തും ഒരു പോലെ പതിയ്ക്കത്തക്ക രീതിയിൽ 15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ തെളിഞ്ഞ ചാണകവെള്ളത്തിൽ ചേർത്ത് തളിക്കണം. കൂടാതെ ട്രൈക്കോഡെർമ ചാണകവുമായി കലർത്തി മണ്ണിൽ ഇട്ടു കൊടുക്കുക. രോഗബാധിത ഭാഗങ്ങൾ പിഴുത് കളയുക. |